**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1566** 01.11.2019 ലെ മറുപടിക്ക്

**തെങ്ങിൻ തൈകൾ നൽകുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) നാളികേര കൃഷി വികസനത്തിന്റെ ഭാഗമായി വാർഡുകൾ തോറും തെങ്ങിൻ തൈകൾ നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) നാളികേരകൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് കേരകൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടു കൂടി കൃഷി വകുപ്പ് മന്ത്രി ചെയർമാനായും സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്നീ ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ വാർഡുകളിലും ഗുണമേൻമയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ 75 തെങ്ങിൻ തൈകൾ വീതം കർഷകർക്ക് ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പശ്ചിമ തീര നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം തെങ്ങിൻ തൈകൾ യഥാക്രമം 60:20:20 റേഷ്യോയിൽ വിതരണം ചെയ്തു വരുന്നു. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ 300 പഞ്ചായത്തുകളിലേയും കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത 200 പഞ്ചായത്തുകളിലേയും വാർഡുകളിൽ 75 തെങ്ങിൻ തൈകൾ വീതം വിതരണം |

| | |
|---|---|
| | ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പശ്ചിമ തീര നെടിയ ഇനത്തിനും കുറിയ ഇനത്തിനും 100 രൂപ വീതവും സങ്കര ഇനം തെങ്ങിൻ തൈയ്ക്ക് 250/- രൂപയും വില നിശ്ചയിച്ച് അതിന്റെ 50% സബ്സിഡി നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. ഇതിലേയ്ക്കാവശ്യമായ തെങ്ങിൻ തൈകൾ കൃഷി വകുപ്പിന്റെ ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, കേരള കാർഷിക സർവ്വകലാശാല എന്നിവ മുഖേന ലഭ്യമാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ; | (ബി) നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 06.07.2019 ന് കോഴിക്കോട് ജില്ലയിൽ ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചു. തുടർന്ന് വിവിധ ഏജൻസികൾ മുഖേനയുള്ള തെങ്ങിൻതൈകൾ കൃഷി വകുപ്പ് സ്വീകരിച്ച് കൃഷിഭവൻ വഴി വിതരണം ചെയ്തു വരുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിലെ ബണ്ടുകളിൽ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചു പിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

ഡെപ്യൂട്ടി സെക്രട്ടറി